**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2484** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന്റെ അപാകത പരിഹരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ മറ്റ് വിഭാഗക്കാർക്ക് താഴെയായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>27.07.2020-ലെ സ.ഉ (എംഎസ്.) നം.112/2020 ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അർഹരായ ഗുണഭോക്താക്കളെ ക്ലേശഘടകങ്ങളുടെ അടിസ്ഥാന ത്തിൽ മുൻഗണന നൽകിയാണ് ഗുണഭോക്തൃ പട്ടിക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അന്തിമമാക്കി യിട്ടുള്ളത്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ പട്ടികജാതി വിഭാഗക്കാരെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | അപേക്ഷിച്ചവരിൽ അർഹരായ എല്ലാവരേയും ഉൾപ്പെടുത്തിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ